കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഊരകം ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം

e-mail: ddlfa.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.27/1948/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

സീനിയർ ഡെപ്യൂട്ടി ഡയരക്ടറുടെ കാര്യാലയം

മലപ്പുറം ജില്ല പിൻ -676505

ഫോൺ -0483 27249505

Emaildompm.ksad@kerala.gov.in

തീയ്യതി -22-09-2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

ഊരകം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :ഊരകം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഊരകം ഗ്രാമ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്

എം.എ.9/18

നം കെ എസ് എ.എം.പി.എം.27/1948/2018 തിയ്യതി: 22-09-2018

## മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.08.2017 മുതൽ 04.07.2018 വരെ വിവിധ ഇനങ്ങളിലായി നടത്തി പണം പിരിവ് ,അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവകളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ: ശ്രീ.എ.എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയരക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം : 05.07.2018 മുതൽ 17.07.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ഉണ്ണി പൂതം കുറ്റി | ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്) |
| ശ്രീ. അബ്ദുന്നാസർ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സിയാദ് പിപി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി ജിഷ കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. സഫ്രീന അഷ്റഫ് | 01.04.2017 മുതൽ31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ശംസുദ്ദീൻ സി കെ | 01.04.2017 മുതൽ 31.03.2018 വരെ |

നിർവഹണാധികാരികൾ

| | |
|---|---|
| ശ്രീ. പ്രഭാകരൻ പി, അസിസ്റ്റന്റ് സെക്രട്ടറി | 01.04.2017 മുതൽ 19.06.2017 FN വരെ |
| ശ്രീ. വിവേകാനന്ദൻ എ, അസിസ്റ്റന്റ് സെക്രട്ടറി | 19.06.2017 AN മുതൽ 31.03.2018 വരെ |
| ശ്രീ. ഷമീർ മുഹമ്മദ്, കൃഷി ഓഫീസർ | 01.04.2017 മുതൽ 31.07.2017വരെ |
| ശ്രീ. ജംഷീദ് കെ, കൃഷി ഓഫീസർ | 01.08.2017 മുതൽ 30.10.2017വരെ |
| ശ്രീമതി മെഹറുന്നീസ, കൃഷി ഓഫീസർ | 31.10.2017 മുതൽ 31.03.2018 വരെ |
| ശ്രീ.എസ്.ശശിധരൻ നായർ, അസിസ്റ്റന്റ് എഞ്ചിനീയർ | 01.04.2017 മുതൽ 31.05.2017വരെ |
| ശ്രീ.അനീസ്, അസിസ്റ്റന്റ് എഞ്ചിനീയർ | 01.06.2017 മുതൽ04.07.2017വരെ |
| ശ്രീമതി സ്മിത, അസിസ്റ്റന്റ് എഞ്ചിനീയർ | 05.07.2017 മുതൽ 01.08.2017 വരെ |
| ശ്രീ.രാജീവ് പി ഡി, അസിസ്റ്റന്റ് എഞ്ചിനീയർ | 02.08.2017 മുതൽ 09.11.2017വരെ |
| ശ്രീമതി ഷീനാമോൾ, അസിസ്റ്റന്റ് എഞ്ചിനീയർ | 10.11.2017 മുതൽ 13.11.2017വരെ |
| ശ്രീമതി അജിത എൽ, അസിസ്റ്റന്റ് എഞ്ചിനീയർ | 14.11.2017 മുതൽ 31.03.2018 വരെ |
| ശ്രീമതി സനിത പൂവത്ത് പറമ്പിൽ, വി.ഇ.ഒ | 01.04.2017 മുതൽ 31.3.2018 വരെ |
| ഡോ. ഹാഫിസ് റഹ്മാൻ, മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01.04.2017 മുതൽ 31.03.2018 വരെ |
| ഡോ. ആശ കെ, മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01.04.2017 മുതൽ 31.03.2018 വരെ |
| ഡോ. ഉഷാ റാണി പി ഡി, മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.2017 മുതൽ 31.03.2018 വരെ |
| ഡോ.സി എച്ച് അജ്മൽ,വെറ്റിനറി സർജൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ശ്രീമതി സലീന ജോസഫ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01.04.2017 മുതൽ 31.03.2018 വരെ |
| ശ്രീ.ഇബ്രാഹിം പനമ്പുഴക്കൽ,ഹെഡ്മാസ്റ്റർ | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ. | 1-12 |
| | ഭാഗം 2 | |
| 13 | രശീതി പരിശോധന | 2-1 |
| 14 | തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലെ അപാകതകൾ | 2-2 |
| 15 | ഡി ആന്റ് ഒ ലൈസൻസ്- പൊതു അപാകതകൾ | 2-3 |
| | ഭാഗം 3 | |
| 16 | അപൂർണ്ണമായ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് ആശയങ്ങൾ നിർദ്ദേശിക്കുന്നത് | 3-1 |
| 17 | ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ നിർവ്വഹണം- അപാകതകൾ | 3-2 |
| 18 | ഉണ്യാലുക്കൽ റോഡ് കോൺക്രീറ്റ് - തനത് ഫണ്ട് | 3-3 |

| | | |
|---|---|---|
| | അനുവദിച്ചത് ക്രമത്തിലല്ല. | |
| 19 | ഇ- ടെണ്ടർ- ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. | 3-4 |
| 20 | റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല | 3-5 |
| 21 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- അപാകതകൾ | 3-6 |
| 22 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ- പൂർത്തീകരണ വിവരം ലഭ്യമല്ല. | 3-7 |
| 23 | മൃഗസംരക്ഷണമേഖലയിലെ പ്രധാന നിർദ്ദേശം നടപ്പിലാക്കിയില്ല | 3-8 |
| 24 | അഗതി രഹിത കേരളം പദ്ധതി തയ്യാറാക്കി അംഗീകരിക്കാനായില്ല | 3-9 |
| 25 | വി.ഇ.ഒ പദ്ധതി അപാകതകൾ | 3-10 |
| 26 | ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ | 3-11 |
| 27 | പരിരക്ഷ പാലിയേറ്റീവ് പദ്ധതി നടത്തിപ്പിൽ അപാകത | 3-12 |
| | ഭാഗം 4 | |
| 28 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1/(1) 25.03.2017 | 1(1) 29.01.2018 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 17.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22-06-2018 മതൽ 23-06-2018 വരെ | കെ എസ് എ എം പി എം 27/1305/2018 തിയ്യതി 03.07.2018 |

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14252158.42 |
| വരവ് | 68542223 |
| ആകെ | 82794381.42 |
| ചെലവ് | 72608013 |
| നീക്കിബാക്കി | 10186368.42 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12387000 | 12387000 | 11403964 | 983036 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 3325968 | 3325968 | 2169359 | 1156609 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 38984 | 38984 | 0 | 38984 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9932000 | 9932000 | 9163524 | 768476 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2802000 | 2802000 | 2014282 | 787718 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻെറ് | 0 | 5816788 | 5816788 | 5639304 | 177484 |
| K.L.S.G.D.P(state) | 0 | 435473 | 435473 | 435473 | 0 |
| K.L.S.G.D.P(central) | 0 | 315059 | 315059 | 315059 | 0 |
| എസ് ബി ടി സീറോ ബാലൻസ് | 9985 | 139163 | 149148 | 42495 | 106653 |
| ട്രഷറി ഓൺ ഫണ്ട് vpfa I,II | 6214854 | 10645863 | 16860717 | 16956860 | -96143 |
| ട്രഷറി ടി എസ് ബി (ജനറൽ പർപ്പസ്) | | 0 | 0 | 0 | 0 |
| SBT സാക്ഷരത | 839.75 | 30 | 869.75 | 0 | 869.75 |
| SBT ദുരിതാശ്വാസം | 0 | 0 | 0 | 0 | 0 |
| എം എൻ ആർ ഇ ജി എസ് | 161011 | 4634133 | 4795144 | 4678973 | 116171 |
| SBT പൈക്ക | 0 | 0 | 0 | 0 | 0 |
| ട്രഷറി ടി.എസ്.ബി (jonit venture) | 400000 | 2004374 | 2404374 | 2186470 | 217904 |
| ബി ഫണ്ട് | 0 | 29310720 | 29310720 | 29310720 | 0 |
| തനത് ഫണ്ട് | 2052479 | 8437984 | 10490463 | 4699878 | 5790585 |
| ക്യാഷ് (തനത് ഫണ്ട് ) | 80775 | 151328 | 232103 | 80775 | 151328 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 210 | 132 | 9 | 69 | 67.14 % |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 08 | 08 | 4218080 | 2264747 | 53.69% |
| വെറ്ററിനറി സർജ്ജൻ | 05 | 05 | 2724150 | 1656876 | 60.82% |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 02 | 02 | 910250 | 878797 | 96.54% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01 | 01 | 200000 | 200000 | 100.00% |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 03 | 03 | 875000 | 864340 | 98.78% |
| വി.ഇ.ഒ | 09 | 07 | 5105100 | 3251000 | 63.68% |
| ഐ.സി.ഡി.എസ് | 08 | 06 | 4932351 | 3570897 | 72.39% |
| സെക്രട്ടറി | 17 | 11 | 5418967 | 3505942 | 64.69% |
| എച്ച്.എം | 06 | 06 | 1995550 | 1783963 | 89.39% |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 06 | 04 | 2666882 | 854595 | 32.04% |
| അസി.എൻജിനിയർ | 145 | 88 | 40816811 | 19948208 | 48.87% |
| ആകെ | 210 | 141 | 69863141 | 38779365 | 55.50% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 161011 | 428133 | 589144 | 472973 | 116171 |
| EFMS വഴി നൽകിയത് | 0 | 4206000 | 4206000 | 4206000 | 0 |
| ആകെ | 161011 | 4634133 | 4795144 | 4678973 | 116171 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 25920 | 44 |
| കർഷകതൊഴിലാളിപെൻഷൻ | 1937600 | 161 |
| വിധവാപെൻഷൻ | 10248600 | 883 |
| വാർദ്ധക്യകാലപെൻഷൻ | 13666700 | 1163 |
| വികലാംഗപെൻഷൻ | 3211600 | 296 |
| വിവാഹധനസഹായം | 90000 | 03 |
| വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 114300 | 10 |

## 1-9 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.07.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5374/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1.തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ , പരസ്യ നികുതി ഉൾപ്പെടെയുള്ളവ , കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2. ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

3. രശീതികൾ വഴി പിരിച്ചെടുക്കുന്ന തുകകളുടെ അടവ്, പിൻവലിക്കൽ പ്രവർത്തനങ്ങളിൽ മേലുദ്യോഗസ്ഥന്റെ പരിശോധന കാര്യക്ഷമമല്ല. രശീതി വഴി പിരിച്ചെടുക്കുന്ന തുകകളുടെ കൃത്യതയും, ബാങ്ക് ബുക്കിൽ ബുക്ക് ചെയ്യുന്ന ചെലവിന്റെ കൃത്യതയും പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

5. വർഷാവസാനം സർക്കാരിലേക്കും മറ്റു ഏജൻസികളിലേക്കും നിയമപരമായും സമയബന്ധിതമായും അടവാക്കേണ്ട തുകകൾ തനതു ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. ആയത് ബന്ധപ്പെട്ട അക്കൗണ്ടുകളിൽ അടവാക്കേണ്ടതാണ്.

6. ഗ്രാമ പഞ്ചായത്തിന്റെ 1985-86 വർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർ നടപടികൾ ബാക്കി നിൽക്കുന്നു. തടസ്സങ്ങൾ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.6.2018 | മെയ്/2018 | 26.6.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.03.2010 – 20.03.2010 | 2004-05 to 2008-09 | 24.04.2010 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ചിട്ടില്ല

2)ബി 15 ഷെഡ്യൂളിൽ വസ്തു നികുതി ഇനത്തിൽ 129571/-രൂപ കുടിശ്ശികയുണ്ട്. എന്നാൽ കിട്ടാനുള്ള സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

3) NAOP ,ബാങ്ക ബുക്ക പ്രകാരം 31.3.18 ന് നീക്കിയിരിപ്പുള്ള 20381 രൂപ തിരിച്ചടവാക്കേണ്ടതാണ്.

4)പ്രവർത്തനരഹിതങ്ങളായ താഴെ പറയുന്ന അക്കൗണ്ടുകൾ പ്രകാരം, 31.3.18നുള്ള നീക്കിയിരിപ്പുതുക തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

| അക്കൗണ്ട് | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് |
|---|---|---|
| സാക്ഷരതാ | SBI 10427103699 | 869.75 |
| എസ്.എസ് എ | SBT 670127100 | 145417 |

5) വസ്തു നികുതി ഡിമാന്റ്, കളക്ഷൻ എന്നിവ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു

| | റജിസ്ററർ പ്രകാരം | വാർഷിക കണക്കുപ്രകാരം |
|---|---|---|
| ഡിമാന്റ് | 5075809 | 4526491 |
| കളക്ഷൻ (കറന്റ്) | 5075809 | 4499191 |

6)വസ്തു നികുതി അരിയർ ഡിമാന്റ് രജിസ്റ്റർ ഹാജരാക്കിയില്ല

7) തനതു ഫണ്ടിന് താഴെ പറയും പ്രകാരം രണ്ടു ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിച്ചിട്ടുണ്ട്

1 പഞ്ചാബ് നാഷണൽ ബാങ്ക്

2ഊരകം സർവ്വീസ് കോപറേറ്റീവ് ബാങ്ക്

8)ട്രഷറി സേവിംഗ്സ് അക്കൗണ്ട് നീക്കിയിരിപ്പ് ,നെഗറ്റീവ് ഫിഗർ ആയാണ്(-96143) വാർഷിക കണക്കുകൾ, റീകൺസൈലേഷൻ പത്രിക എന്നിവയിൽ കാണുന്നത്.

9)MGNREGS ന്റെ യഥാർത്ഥ വരവ് 952294 രൂപയാണ് .എന്നാൽ വാർഷിക കണക്കുകൾ (I-6) പ്രകാരം ഇത് 4678973രൂപയാണ്.

10) SMGB (RCRSP)വേങ്ങര, വാർഷിക കണക്കുപ്രകാരം 14756നീക്കിയിരിപ്പ് ഉണ്ട് .പാസ് ബുക്ക് കാലികമാക്കിയിട്ടില്ല

11)ICDSസൂപ്പർവൈസർ ,മെഡിക്കൽ ഓഫീസർമാർ(ആയുർവേദം പി.എച്.സി) ,അസി എഞ്ചിനിയർ, , കൃഷി ഓഫീസർ, എന്നീ നിർവഹണ ഉദ്യോഗസ്ഥർ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

12) അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിനു മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.തൻവർഷം ആർജിച്ച ആസ്തികളുകളുടെ മൂല്യം ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിട്ടില്ല.വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുകളുടെ മൂല്യം ഉൾപ്പെടുത്തി രജിസ്റ്റർസൂക്ഷിച്ചിട്ടില്ല.

13)വാർഷികകണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

14)ഡെപ്പോസിറ്റ് രജിസ്റ്ററിലെ വിവരങ്ങൾ വാർഷികകണക്കുകളുമായി(B -7) പൊരുത്തപ്പെടുന്നില്ല.

15) ബി ഫണ്ടിനങ്ങളിലെ വരവുകൾ(തൊഴിൽരഹിത വേതനം, വിധവകളുടെ വിവാഹധനസഹായം) വാർഷികകണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ രജിസ്റ്റർ ഹാജരാക്കിയില്ല.

16)കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011ലെ ചട്ടം 65 പ്രകാരം അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല.

17) സംയുക്ത പ്രൊജക്ടിനാ(ആശ്രയ )യി വേങ്ങര ബ്ലോക്കിൽ നിന്നും ലഭിച്ച(ട്രഷറി അക്കൗണ്ട് നം 799011400001655 ) 217904 രൂപ ചെലവഴിച്ചിട്ടില്ല . പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

18. ഗ്രന്ഥശാലാ സംഘത്തിലേക്ക് അടവാക്കാനുള്ള ലൈബ്രറിസെസ്സ് (293576/-), സർക്കാരിലേക്കുള്ള ജി എസ് ടി /എസ് ജി എസ് ടി (37314/-) എന്നിവ അടവാക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.

19. ഷെഡ്യൂൾ ബി 9 ൽ മറ്റു ബാധ്യതകളായി രേഖപ്പെടുത്തിയ 1847097/- രൂപ യഥാർത്ഥത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയല്ല. 2016-17 വർഷത്തിൽ മേൽ തുക ഉപയോഗിച്ച് വാങ്ങിയ ടാർ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥന് കൈമാറുകയും 9 റോഡ് പ്രവർത്തികൾ ഒഴികെ പൂർത്തീകരിക്കുകയും ചെയ്തതാണ്.

20.ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററിൽ തൻവർഷത്തെ ഡിമാന്റ് ,കലക്ഷന്റെ സംഗ്രഹം അക്കൗണ്ടുമായി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

21. വിവാഹ ധനസഹായം ഇനത്തിൽ 90000/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും 60000 രൂപ മാത്രമാണ് വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പരിശോധന

2017-18 വർഷത്തിലെ ഓഡിറ്റിന്റെ ഭാഗമായി 05.08.2017 മുതൽ നാളിതുവരെയുള്ള രശീതികൾ പരിശോധിച്ചു. ആയതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.തിയ്യതി രേഖപ്പെടുത്താതെ രശീതികൾ ഇഷ്യൂ ചെയ്തു

ശ്രീ സുനിൽ കുമാർ എൽ ഡി സി ക്ക് ഇഷ്യൂ ചെയ്ത രശീതി ബുക്ക പരിശോധിച്ചതിൽ ചില രശീതികളിൽ തിയ്യതി രേഖപ്പെടുത്താതെ പണം പിരിച്ചെടുത്തതായി കാണുന്നു.

| ക്രമ നമ്പർ | രശീതി നമ്പർ | പിരിച്ചെടുത്ത തുക | പണം അടവു വന്ന തിയ്യതി |
|---|---|---|---|
| 1 | 7044/01 | 718 | 26.10.2017 |
| 2 | 7044/12 | 580 | -do- |
| 3 | 7044/46 | 474 | -do- |

2. കലക്ഷൻ രജിസ്റ്റർ എഴുതുന്നതിലെ അപാകതകൾ

രശീതികൾ വഴി പിരിച്ചെടുത്ത തുക കലക്ഷൻ രജിസ്റ്ററിൽ ചേർത്തതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ക്രമ നമ്പർ | രശീതിനമ്പർ തിയ്യതി | തുക | അപാകത |
|---|---|---|---|
| 1 | 7036/32 /24.10.17 | 223 | രശീതി കലക്ഷൻ രജിസ്റ്ററിൽ ചേർത്തിട്ടില്ല. എന്നാൽ പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട് |
| 2 | 7036/50/ 25.10.17 | 129 | രശീതി ക്യാൻസൽ ചെയ്തതായി കാണുന്നു. എന്നാൽ കലക്ഷൻ രജിസ്റ്ററിൽ ആയത് പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| 3 | 7036/50/ 25.10.17 | 428 | കലക്ഷൻ രജിസ്റ്റർ പ്രകാരം രണ്ടു തവണ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| 4 | 7036/50/ 25.10.17 | 224 | കലക്ഷൻ രജിസ്റ്റർ പ്രകാരം 244/- രൂപയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/10.07.2018) ക്യാമ്പ് കലക്ഷൻ സമയത്ത് തിരക്കിനിടയിൽ സംഭവിച്ച ക്ലറിക്കൽ

പിഴവുകളാണെന്നും അപാകതകൾ ആവർത്തിക്കാതിരിക്കാൻ പിരിവ് ഉദ്യോഗസ്ഥർക്കും ക്യാഷർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്.

2 താഴെ പറയുന്ന ചെക്കുകൾ പ്രകാരം പിൻ വലിച്ച തുകകൾ ബാങ്ക് ബുക്ക് പ്രകാരവും ബാങ്ക് പാസ്സ് ബുക്ക് പ്രകാരവും വ്യത്യസ്തമാണ്.

| ക്രമ നമ്പർ | ചെക്ക് നമ്പർ | ബാങ്ക് ബുക്ക് പ്രകാരം തുക | പാസ്സ് ബുക്ക് പ്രകാരം തുക |
|---|---|---|---|
| 1 | 8714/26.09.2017 | 1958 | 3588 |
| 2 | 8713/26.09.2017 | 4007 | 2377 |
| 3 | 9158/06.12.2017 | 7310 | 3655 |
| 4 | 10284/16.05.2018 | 2194 | 1414 |

മേൽ അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/10.07.2018) സാംഖ്യയിൽ പേയ്മെന്റ് രേഖപ്പെടുത്തുമ്പോൾ തെറ്റിയതുകൊണ്ടാണ് അപാകതകൾ സംഭവിച്ചിട്ടുള്ളതെന്ന മറുപടിയാണ് നൽകിയത്.മേൽ തെറ്റുകൾ സാംഖ്യയിൽ ക്രമീകരിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. സാംഖ്യയിലെ രേഖപ്പെടുത്തലുകൾ ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ പരിശോധന നടത്തുന്നതിലെ വീഴ്ചകളാണ് അപാകതകൾ സംഭവിക്കാൻ ഇടയാക്കിയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ പരിശോധന കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലെ അപാകതകൾ

2017-18 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കാണുന്ന അപാകതകൾ താഴെ ചേർക്കുന്നു.

(i)താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | പേര് | സ്ഥാപനം | അർദ്ധവർഷം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ശ്രീ ശങ്കരൻ,GSI | വേങ്ങര പോലീസ് സ്റ്റേഷൻ | II | |
| 2 | ശ്രീ അബ്ദുൾ ഹക്കീം SI | വേങ്ങര പോലീസ് സ്റ്റേഷൻ | II | 23.12.2017 ന് റിലീവ് ചെയ്തു |
| 3 | ശ്രീ ഗിരീഷ് ഒട്ടുപാറ CPO | വേങ്ങര പോലീസ് സ്റ്റേഷൻ | II | 14.11.2017 ന് റിലീവ് ചെയ്തു |
| 4 | ശ്രീമതി ജോളിക്കുട്ടി സെബാസ്റ്റ്യൻ UPSA | PMSAM AUPS കാരാത്തോട് | II | |
| 5 | ശ്രീമതി അമ്പിളി എൻ Voc. teacher | ജി വി എച്ച് എസ് എസ് , വേങ്ങര | II | 14.11.2017 ന് റിലീവ് ചെയ്തു |
| 6 | ശ്രീ മഹമ്മൂദ് സക്കീർ Voc. teacher | ജി വി എച്ച് എസ് എസ് , വേങ്ങര | II | 02.11.2017 ന് റിലീവ് ചെയ്തു |
| 7 | ശ്രീമതി റജീന കബീർ Voc. teacher | ജി വി എച്ച് എസ് എസ് , വേങ്ങര | II | 15.11.2017 ന് റിലീവ് ചെയ്തു |

| | | | | |
|---|---|---|---|---|
| 8 | ശ്രീ ഐസൺ സാമുവൽ,, Clerk | ജി വി എച്ച് എസ് എസ് , വേങ്ങര | ll | 02.11.2017 ന് റിലീവ് ചെയ്തു |

മേൽ ജീവനക്കാർ 60 ദിവസത്തിലധികം പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്തിരുന്നവരാണ്. ടിയാളുകളുടെ തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

(ii) സംസ്ഥാന സർക്കാർ ജി ഒ (എം എസ്സ്)/202/11/G.Edn തീ 07.10.11 ആയി പുറപ്പെടുവിച്ചിട്ടുള്ള അൺ എയ്ഡഡ് സ്കൂളുകൾക്ക് CBSC/ICSE അഫിലിയേഷന് സർക്കാറിൽ നിന്നുള്ള NOC ലഭിക്കുന്നതിന് സ്കൂളുകൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ -7 ൽ ജീവനക്കാർക്ക് ഗവൺമെന്റ് സ്കൂളിലെ സമാന വിഭാഗങ്ങളിൽപ്പെടുന്ന ജീവനക്കാരുടെ ശമ്പളവും അലവൻസും നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള ഹൈക്കോടതിയുടെ 4.09.2012 ലെ ഉത്തരവ് WP(C) 1042/2012 പ്രകാരം പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് കുറഞ്ഞത് 10000 രൂപ പ്രതിമാസ വേതനം സ്കൂൾ മാനേജ്മെന്റ് നൽകേണ്ടതുണ്ട്. പഞ്ചായത്ത് പരിധിയിൽ 8 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ 120, 180,300 സ്ലാബുകളിൽ നികുതി ഒടുക്കുന്നവരോ, നികുതി ബാധ്യതയില്ലാത്തവരോ ആണെന്നാണ് റിട്ടേണുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ അപാകതകക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളെ വിവരം അറിയിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചത്. പഞ്ചായത്തിന്റെ തനതു വരുമാന ചോർച്ച തടയുന്നതിനായി ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി ആന്റ് ഒ ലൈസൻസ്- പൊതു അപാകതകൾ

ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളും, രജിസ്റ്ററും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(1) ഡി ആന്റ് ഒ അപേക്ഷകളിൽ ദിവസേനയുള്ള വിറ്റുവരവ് അടക്കമുള്ള മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.

(2) ഡി ആന്റ് ഒ രജിസ്റ്റർ പൂർണ്ണമല്ല. ആയതിൽ രേഖപ്പെടുത്തിയ വിവരങ്ങൾ കൃത്യമല്ല. ചില അപേക്ഷകൾ 2 തവണ രേഖപ്പെടുത്തുകയും ഒരു തവണ അടവാക്കിയ ഫീ തന്നെ 2തവണ ഈടാക്കിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. (ഉദാ:- ക്രമ നമ്പർ 260,275 എന്നിവ ശ്രീ ഇ ടി ജോസഫ് എന്നവരുടെ അപേക്ഷയാണ്.)

(3) പഞ്ചായത്ത് പരിധിയിലെ കച്ചവടക്കാരുടെ വാർഡു തിരിച്ചുള്ള വിവരം ലഭ്യമാക്കിയില്ല.

(4) ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററിൽ സംഗ്രഹം സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ലൈസൻസ് പിരിവ് കാര്യക്ഷമമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അപൂർണ്ണമായ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട്

## ആശയങ്ങൾ നിർദ്ദേശിക്കുന്നത്

പതിമൂന്നാം പഞ്ചവൽസര പദ്ധതിയും 2017-18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കത്തിനായി ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 09.01.2017 ലെ ജി ഒ (എം എസ്) 10/2017/ തസ്വഭവ നമ്പർ ഉത്തരവിലൂടെ പുറപ്പെടുവിച്ചതാണ്.

തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുകയെന്നത് പ്രധാന ദൗത്യമായുള്ള ആസൂത്രണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട് അദ്ധ്യക്ഷനും സെക്രട്ടറി കൺവീനറുമായുള്ള 12 അംഗ സമിതി വർഷത്തിൽ രണ്ടു പ്രാവശ്യം മാത്രമാണ് വാർഷിക പദ്ധതി രൂപീകരണവും, നിർവ്വഹണവുമായി ബന്ധപ്പെട്ട് യോഗം ചേർന്നത്. നാല് അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ കൺവീനർ ഹാജരായിട്ടില്ല. ചേർന്ന യോഗങ്ങളിൽ തന്നെ സൂപ്പർവൈസ് ചെയ്യേണ്ട സമിതികളുടെ പ്രവർത്തനം വിലയിരുത്തിയതായോ, നിർദ്ദേശങ്ങൾ രൂപീകരിച്ചതായോ മിനുട്സിലിലെ രേഖപ്പെടുത്തലിൽ നിന്നും വ്യക്തമല്ല. അധികവിഭവ സമാഹരണത്തിന് സാദ്ധ്യതകൾ കണ്ടെത്താനോ, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് ചെയ്യുന്നതിനോ ആസൂത്രണ സമിതിക്കായിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾക്ക് ബന്ധപ്പെട്ട വിഷയ മേഖലയിലെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമാക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവസ്ഥാ വിശകലനം നടത്താൻ നിർദ്ദേശമുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ബന്ധപ്പെട്ട വിഷയ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാര നിർദ്ദേങ്ങൾ രൂപീകരിക്കേണ്ടത്. അതാത് മേഖലയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ അവസ്ഥാ റിപ്പോർട്ടുകളിലെ വിവരങ്ങൾ അപൂർണ്ണമാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചല്ല ദീർഘകാല കാലയളവിലും പഞ്ചവൽസര പദ്ധതികാലയളവിലേക്കുമുള്ള പ്രോജക്ട് ആശയങ്ങൾ തയ്യാറാക്കിയതെന്ന് വ്യക്തമാകുന്നു.

പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിലും ആയതിനുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും ഗൗരവതരമായ സമീപനമല്ല കൃഷി, മൃഗസംരക്ഷണം ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പുകൾ സ്വീകരിച്ചിരിക്കുന്നത്. ഉദാഹരണമായി വിദ്യാഭ്യാസം, കലയും സംസ്കാരവും യുവജനകാര്യ വർക്കിംഗ് ഗ്രൂപ്പ് ലഭ്യമായ സ്റ്റാറ്റസ് റിപ്പോർട്ട് അപഗ്രഥിച്ച് മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങളായി കണ്ടെത്തിയത് സ്കൂളുകളിൽ പ്രാതൽ-സായാഹ്ന ഭക്ഷണം എന്നിവയുടെ അഭാവം, ശുചിത്വ സംവിധാനങ്ങളുടെ കുറവ്, ഭക്ഷണ പാചകപുരകളുടെ ശോചനീയാവസ്ഥ എന്നിവയാണ്. വിദ്യാഭ്യാസ മേഖലയിൽ തന്നെ അക്കാദമികവും അടിസ്ഥാന സൗകര്യവികസനപരമായും നിരവധി കാര്യങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്ന സാഹചര്യം നിലനിൽക്കുമ്പോഴാണിത്. പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തക്കുറവ്, പഠന ഉപകരണങ്ങളുടെ കുറവ് , സ്കൂൾ ലൈബ്രറി സൗകര്യം മെച്ചപ്പെടാത്തത് തുടങ്ങിയവയൊന്നും മേഖലയിലെ പ്രശ്നങ്ങളായി അവതരിപ്പിക്കപ്പെടുകയോ പരിഹാര സാധ്യതകൾ നിർദ്ദേശിക്കുകയോ ചെയ്തിട്ടില്ല. മറ്റുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ അവസ്ഥയും സമാനമാണെന്ന് കാണാം.

കൃഷിയുമായി ബന്ധപ്പെട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് മേഖലയിലെ പ്രശ്നങ്ങളെ യാഥാർത്ഥ്യബോധത്തോടെ സമീപിക്കുന്നുണ്ടെന്നത് സ്വാഗതാർഹമാണ്. വരൾച്ച, കൃഷി ഭൂമി കുറയുന്നത്, നെൽകൃഷി കുറയുന്ന അവസ്ഥ, തെങ്ങിൻ തോട്ടത്തിലെ കൂമ്പ് ചീയൽ രോഗം തുടങ്ങിയ പ്രശ്നങ്ങളെ വിശകലനം ചെയ്ത് പരിഹാര സാധ്യതകൾ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും വകുപ്പുതലത്തിലും കേന്ദ്രതലത്തിലുമുള്ള പദ്ധതികളുമായി സംയോജിപ്പിച്ചുള്ള കൃത്യമായ ആസൂത്രണവും വിഭവസമാഹരണവും മോണിറ്ററിംഗും ആവശ്യമായി വരുന്നുണ്ട്. ഇതിനായുള്ള ആശയങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ കണക്കെടുത്തിട്ടുണ്ട്. എന്നാൽ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും ഡാറ്റ ശേഖരിച്ച് വിലയിരുത്തിയിട്ടില്ല. 2012-2017 കാലയളവിൽ മേഖലയിൽ നടപ്പിലാക്കിയ

പ്രോജക്ടുകൾക്ക് ആകെ വിനിയോഗിച്ച 7.36 കോടി രൂപയിൽ 1.35 കോടി രൂപ മാത്രമാണ് പൊതുകെട്ടിടങ്ങൾ, കുടിവെള്ളം, പഞ്ചായത്ത് ഓഫീസ് നവീകരണം, ഭൂമി - ചിറസംരക്ഷണം പോലുള്ള റോഡിതര പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചത്. 6.01 കോടി രൂപയും റോഡ് നിർമ്മാണം, പുനരുദ്ധാരണ പ്രവൃത്തികൾക്കാണ് വിനിയോഗിച്ചത്. 2017-18 കാലയളവിലും പശ്ചാത്തല മേഖലയിലെ ഫണ്ട് അലൊക്കേഷനിലും വിനിയോഗത്തിലും വ്യത്യസ്തമായൊരു സമീപനം സ്ഥാപനത്തിൽ സ്വീകരിക്കാനായിട്ടില്ല. ജലസംരക്ഷണം ഉറപ്പ് വരുത്തി കാർഷിക മേഖലയെ പരിപോഷിപ്പിക്കൽ, രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കൽ എന്നീ വികസന കാഴ്ചപ്പാടോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിലാണ് മുൻഗണനാ മേഖലകളെ തീർത്തും അവഗണിച്ച് യുക്തിരഹിതമായ രീതിയിൽ ഫണ്ട്അലൊക്കേഷൻ നടത്തുന്നത്.

പൊതുമരാമത്ത് മേഖലയിലെ വികസനത്തിന് പ്രോജക്ട് ആശയങ്ങൾ നിർദ്ദേശിച്ചതിന് വ്യക്തതയില്ല. അസി.എഞ്ചിനീയർ കൺവീനറായ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ച പ്രോജക്ട് ആശയങ്ങൾ മിനുട്സിലും രേഖപ്പെടുത്തിയിട്ടില്ല. മേഖലയിലെ കൃത്യമായ അവസ്ഥ പരിശോധിക്കാതെ എപ്രകാരമാണ് 164 എണ്ണം വരുന്ന പ്രോജക്ടുകൾ രൂപീകരിച്ചതെന്ന് അന്വേഷണത്തിന് ഗ്രാമസഭകളിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് പ്രവൃത്തികൾ രൂപീകരിച്ചതെന്നാണ് വിശദീകരിച്ചത്. ഗ്രാമസഭാ നിർദ്ദേശങ്ങൾ മേഖലയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിന്റെ കൃത്യമായ അവസ്ഥാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കാനാവാത്തത് വീഴ്ചയാണ്.

കൃഷി, മൃഗസംരക്ഷ മേഖലകളൊഴികെയുള്ള വർക്കിംഗ് ഗ്രൂപ്പുകൾക്കും മേഖലയിലെ പ്രശ്നങ്ങൾ കൃത്യമായി പരിശോധിക്കാനോ പരിഹാരങ്ങൾ നിർദ്ദേശിക്കാനോ സാധിക്കാനാവാത്ത സാഹചര്യമാണുണ്ടായത്. തദ്ദേശ സ്ഥാപനത്തിന്റെ ദീർഘകാല വികസനത്തിന് ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുന്നതിന് ചുമതലപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും ആസൂത്രണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാകാത്തത് സ്ഥാപനത്തിന്റെ പരിമിതിയാണ്. നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിച്ച് സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പ്രോജക്ട് ആശയങ്ങൾ നിർദ്ദേശിക്കുന്നതിനും മുൻഗണനാ മേഖലകളെ തിരിച്ചറിയുന്നതിനും വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് കീഴിലുള്ള അതാത് വർക്കിംഗ് ഗ്രൂപ്പുകളെ പര്യാപ്തമാക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കേണ്ടതുകണ്ട്.

മലപ്പുറം ലോക് സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം നിലനിന്ന സാഹചര്യത്തിൽ തിരക്കിട്ട് പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ നടത്തി ഡി.പി.സി ക്ക് സമർപ്പിക്കേണ്ടി വന്നത് നടപടിക്രമങ്ങളെ ബാധിച്ചിട്ടുണ്ടെന്ന് രേഖാമൂലം വിശദീകരിക്കുകയുണ്ടായി. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും കൃത്യമായ രീതിയിൽ ഇടപെടാൻ സാധിക്കുന്ന തലത്തിലേക്ക് വർക്കിംഗ് ഗ്രൂപ്പുകളേ സജ്ജമാക്കുന്നതിനുള്ള പ്രവർത്തനം നടത്തുമെന്നും വിശദീകരിക്കുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ പദ്ധതി പ്രവർത്തനത്തിന്റെ പാളിച്ചകൾ മനസ്സിലാക്കി തുടർ പദ്ധതികൾ തയ്യാറാക്കുമെന്നും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളുടെ മേൽനോട്ടമുണ്ടാകുമെന്നും വിശദീകരിക്കുകയുണ്ടായി. തുടർന്നുള്ള വാർഷിക പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും മേൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-2 ഇ- ടെണ്ടർ- ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ കൊടുത്തിട്ടുള്ള മരാമത്ത് വർക്കുകൾക്ക് ഇ- ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എക്കൗണ്ട് മുഖേനയാണ് . എന്നാൽ പ്രസ്തുത വർക്കുകളുടെ ടെണ്ടറുകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ- ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ച്

ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേർ | അടങ്കൽ തുക | ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ഈടാക്കേണ്ട ടെണ്ടർ ഫീ ( നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| 1 | വട്ട പ്പറമ്പ് റോഡ് പുനരുദ്ധാരണം | 500000 | 2 | 1120*2= 2240 |
| 2 | കല്ലേറ്റിക്കൽ റോഡ് റീടാറിംഗ് | 500000 | 2 | 1120*2= 2240 |
| 3 | കരിമ്പിലി ഒ.കെ.എം. നഗർ റോഡ് റീടാറിംഗ് | 500000 | 2 | 1120*2= 2240 |
| 4 | നെടുംപറമ്പ് റോഡ് ടാറിംഗ് | 1600000 | 2 | 2800*2= 5600 |
| 5 | കൊടലിക്കുണ്ട് റോഡ് റീടാറിംഗ് | 750000 | 2 | 1680*2= 3360 |
| 6 | ചേലത്തൂർ റോഡ് റീടാറിംഗ് | 900000 | 2 | 2016*2= 4032 |
| 7 | ആലക്കാ പറമ്പ് ചേലത്തൂർ റോഡ് പുനരുദ്ധാരണം | 1100000 | 2 | 2464*2= 4928 |
| 8 | ചാലിൽക്കുണ്ട് റോഡ് റീടാറിംഗ് | 1100000 | 2 | 2464*2= 4928 |
| 9 | അപ്പായിപ്പാറ വില്ലേജ് റോഡ് ടാറിംഗ് | 600000 | 2 | 1344 *2=2688 |

| | | | | |
|---|---|---|---|---|
| 10 | മുണ്ടേങ്ങൽപുറായ റോഡ് റീടാറിംഗ് | 1140000 | 2 | 2553*2=5106 |
| 11 | പാറയിൽ കല്ലങ്ങൽ റോഡ് റീടാറിംഗ് | 1020000 | 2 | 2284*2=4568 |
| 12 | കുറ്റിടവഴി റോഡ് പുനരുദ്ധാരണം | 900000 | 2 | 2016*2= 4032 |
| 13 | ഒ.കെ.എം. നഗർ തങ്ങൾപടി റോഡ് റീടാറിംഗ് | 900000 | 2 | 2016*2= 4032 |

ഗ്രാമ പഞ്ചായത്തിന് ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കേണ്ട വരവ് സർക്കാർ നിർദ്ദേശിച്ച പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ പേരിൽ അക്കൗണ്ട് തുറന്ന് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നത് വീഴ്ചയാണ്. പഞ്ചായത്ത് ഫണ്ടിൽ വരേണ്ട തുക യഥാസമയം ലഭിക്കാതിരുന്ന സാഹചര്യം ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി പരിശോധിച്ചിട്ടില്ല. ടെണ്ടർ ഫീ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 ഉണ്യാലുക്കൽ റോഡ് കോൺക്രീറ്റ് - തനത് ഫണ്ട് അനുവദിച്ചത് ക്രമത്തിലല്ല.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഉണ്യാലുക്കൽ റോഡ് കോൺക്രീറ്റിഗ് പ്രവൃത്തിക്ക് (പ്രൊജക്റ്റ് നമ്പർ- 70/ 2017-18, അടങ്കൽ- 250000 രൂപ) അംഗീകരിച്ച പ്രൊജക്റ്റിൽ വകയിരുത്തിയിരുന്നത് റോഡിതര മെയിന്റനൻസ് ഫണ്ട്- 125000 രൂപ, ജലനിധി ഫണ്ട്- 125000 രൂപ എന്നിങ്ങനെയാണ്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഒരു പ്രൊജക്റ്റിലും ജലനിധി ഫണ്ട് ലഭ്യമായിട്ടില്ല എന്നിരിക്കെ തനത് ഫണ്ടിൽ നിന്നും തുക പിൻവലിക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന് കാണുന്നു. അസി എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി സേവിങ്സ് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ- 1844) 24-3-2018 ന് IT കിഴിച്ചുള്ള 123750 രൂപ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക നാളിതു വരെ കരാറുകാരന് നൽകിയിട്ടുമില്ല. ആയതിനാൽ അസി. എഞ്ചിനീയറുടെ എക്കൗണ്ടിലേക്ക് തനത് ഫണ്ടിൽ നിന്നും തെറ്റായി ക്രഡിറ്റ് ചെയ്ത തുക തിരികെ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ നിർവ്വഹണം-അപാകതകൾ

2016-17 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ വിവിധ ടാറിംഗ് / റീടാറിംഗ് പ്രവൃത്തികൾക്കായി ബിപിസിഎൽ, ഹിൻകോൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും 298 ബാരൽ ബിറ്റുമിൻ വാങ്ങി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 11-5-2017 ലെ എ1-1060 /2016 നമ്പർ നടപടിക്രമ പ്രകാരം അസി. എഞ്ചിനീയർക്ക് കൈമാറിയിരുന്നു. അസി. എഞ്ചിനീയർ വിവിധ ടാറിംഗ് പ്രവൃത്തികളുടെ പ്രൊജക്റ്റുകളിൽ വകയിരുത്തിയ തുകയിൽ നിന്നും സെക്രട്ടറിക്ക് കൈമാറിയ 18,43,083 (ചെക്ക് നമ്പർ- 9512261/ 29-3-17) രൂപയിൽ നിന്ന് 17,57,038 രൂപയാണ് ബിറ്റുമിന്റെ വിലയായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എണ്ണക്കമ്പനികളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത് .

അസി. എഞ്ചിനീയർക്ക് കൈമാറിയ ടാറിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| എണ്ണക്കമ്പനിയുടെ പേര് | ബിറ്റുമിൻ ഇനം | വാങ്ങിയ അളവ് (ബാരൽ/ കി.ഗ്രാം) |
|---|---|---|
| ബിപിസിഎൽ | എസ്-65/വിജി-30 | 260/ 40560 (156 kg /barrel) |
| ഹിൻകോൾ | എസ്.എസ്-1 | 16 / 2912 ( 182 kg/ barrel) |
| ബിപിസിഎൽ | ആർ.എസ്-1 | 22 / 4004 ( 182 kg/ barrel) |

ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 2016-17 വർഷത്തെ റോഡ് മെയിൻറനൻസ് ഫണ്ടിൽ ഉൾപ്പെടുത്തിയ വിവിധ ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ പ്രൊജക്ടുകളിൽ നിന്നും അസി. എഞ്ചിനീയർ പിൻവലിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ 1843083 രൂപയിൽ നിന്നും 17,57,038 രൂപയാണ് സെക്രട്ടറി മേൽ പ്രകാരം ടാർ വാങ്ങുന്നതിന് എണ്ണക്കമ്പനികൾക്ക് നൽകിയിട്ടുള്ളത്. ബാക്കി 86045 രൂപ തനത് ഫണ്ടിൽ അവശേഷിക്കുകയാണ്. ആയത് സർക്കാരിന്റ സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കിയിട്ടില്ല. ടി തുക തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

2. ടാർ വാങ്ങി നൽകിയ താഴെ കൊടുത്തിട്ടുള്ള 9 ടാറിംഗ് / റീടാറിംഗ് പ്രവൃത്തികൾക്ക് നാളിതു വരെ അവസാന ബില്ല് നൽകിയിട്ടില്ല. പ്രവൃത്തികൾക്ക് ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ടെന്നും പ്രവൃത്തികൾ പൂർത്തീകരിച്ചതായും അളവ് പുസ്തകത്തിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തികളുടെ പേര് | പ്രൊജക്ട് നമ്പർ |
|---|---|---|
| 1 | അൽ ഇഹ്സാൻ റോഡ് റീടാറിംഗ്- | 145/18 |
| 2 | ചാലിൽകുണ്ട് റോഡ് റീടാറിംഗ്- | 144/18 |
| 3 | മർക്കസുൽ ഉലൂം മദ്രസ്സ റോഡ്- | 146/18 |
| 4 | കാപ്പിൽ കുണ്ട് റോഡ് റീടാറിംഗ്- | 141/18 |
| 5 | രായിൻ വേങ്ങോട്ടറപ്പടി റോഡ് റീടാറിംഗ്- | 135/18 |
| 6 | ചേറൂർ നെടുമ്പറമ്പ് റോഡ് റീടാറിംഗ്- | 140/18 |
| 7 | ആലക്കാപറമ്പ് ന്യൂഞ്ഞിക്കൽ റോഡ് റീടാറിംഗ്- | 142/18 |
| 8 | നെടുമ്പറമ്പ് റോഡ് റീടാറിംഗ്- | 134/18 |
| 9 | പൂളാപ്പീസ് കാരാപ്പറമ്പ് റോഡ് റീടാറിംഗ് | 132/18 |

ഗ്രാമ പഞ്ചായത്തിലെ ടാറിഗ്/ റീടാറിംഗ് ആവശ്യമായ എല്ലാ പ്രവൃത്തികളും 2017-18 ൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തുകയും മെയിൻറനൻസ് ഗ്രാന്റ് റോഡ് ഫണ്ടിൽ നിന്നും മതിയായ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ടെന്നും ആയതിനാൽ അത്യാവശ്യമായ കോൺക്രീറ്റ് പ്രവൃത്തികൾക്ക് മെയിൻറനൻസ് ഗ്രാന്റ് റോഡ് ഫണ്ടിൽ നിന്നും തുക വകയിരുത്തി ഭരണാനുമതി നൽകാമെന്നും 22-7-2017 ലെ 2-ാം നമ്പർ തീരുമാന പ്രകാരം ഭരണ സമിതി തീരുമാനിക്കുകയും ആയതിന്റയടിസ്ഥാനത്തിൽ 21,25000 രൂപ അടങ്കൽ വരുന്ന 16 കോൺക്രീറ്റ് വർക്കുകൾ മെയിൻറനൻസ് ഗ്രാന്റ് റോഡ് ഫണ്ടിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. (പ്രൊജക്ട് നമ്പർ- 20,21,32,41,45,63,66,67,68,69,70,71,72,74,77,177)

മേൽ കോൺക്രീറ്റ് പ്രവൃത്തികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുകയും അവസാന ബില്ല് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2016-17 വർഷം ടാർ വാങ്ങി നൽകിയ22 ടാറിംഗ് / റീടാറിംഗ് പ്രവൃത്തികൾ 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയെങ്കിലും മേൽ

9 പ്രവൃത്തികൾക്ക് അവസാന ബില്ല് നൽകാൻ കഴിയാതിരുന്നത് നിർവ്വഹണത്തിലെ വീഴ്ചയാണ്. ടാർ നൽകിയ മേൽ വർക്കുകളുടെ ഫൈനൽ ബില്ലുകളിൽ നിന്നും ടാറിന്റെ വില ,ടാറിന്റെ കൺവേയൻസ് / ലോഡിംഗ് ആന്റ് അൺ ലോഡിംഗ് ചാർജ് തുടങ്ങിയ നിയമാനുസൃത കുറവുകൾ വരുത്തേണ്ടതും വിശദാംശം ആദ്യ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്ത് വിതരണം ചെയ്ത ബിറ്റുമിന്റെ വിതരണം യഥാസമയം നിരീക്ഷിക്കാതിരുന്നതും ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികൾ (സ്പിൽ ഓവർ പ്രവൃത്തികൾ) സമയബന്ധിതമായി പൂർത്തീകരിച്ചുവോ എന്ന് ഉറപ്പ് വരുത്താതിരുന്നതും വികസന സ്റ്റാന്റിംഗ് കമ്മറ്റി പദ്ധതി നിർവ്വഹണത്തിലും പ്രൊജക്റ്റിന്റെ പൂർത്തീകരണം/ ഫലപ്രാപ്തി മോണിറ്റർ ചെയ്യുന്നതിലും സമയോചിത ഇടപെടൽ നടത്തിയിട്ടില്ലെന്ന് വ്യക്തമാക്കുന്നു.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും ഭാവിയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തീകരിക്കുന്നുണ്ടെന്ന് വികസന സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 3-5 റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി പ്ലാനും റോഡ് കണക്റ്റിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതൽ സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്റ്റിനോടൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗ രേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. 14-7-2007 ലെ ജി.ഒ.(എം.എസ്.)128/07/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക- 5-12 പ്രകാരം ഗ്രാമ പഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന എല്ലാ റോഡുകളുടെയും ഒരു ശൃംഖല,(കണക്റ്റിവിറ്റി പ്ലാൻ) അതായത് ഹൈവേയോടും മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങൾ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടെയും ഒരു കേന്ദ്ര ശൃംഖല തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. ഈ കണക്റ്റിവിറ്റി പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും പുതിയ റോഡുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള ഘടകവും ഉൾകൊള്ളിക്കേണ്ടതാണ്. അതിന് ശേഷം ഈ മേഖലയിലെ വിദഗ്ദരുടെ ഒരു യോഗം വിളിച്ച് ചേർത്ത് മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ച് വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്.

എന്നാൽ സർക്കാരിന്റെ ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിട്ടും റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിന് പ്രാരംഭ നടപടികൾ പോലും സ്വീകരിച്ചിട്ടില്ല. ഇതിനായി പ്രത്യേക പ്ലാൻ തയ്യാറാക്കാനുള്ള ചീഫ് എഞ്ചിനീയറുടെ നിർദ്ദേശവും നടപ്പിലാക്കിയില്ല. കണക്റ്റിവിറ്റി പ്ലാനിന്റെ അഭാവത്തിൽ ഗ്രാമ പഞ്ചായത്തിൽ റോഡ് പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ചിരുന്നുവോ, നിശ്ചയിച്ചിരുന്നുവെങ്കിൽ എന്തടിസ്ഥാനത്തിൽ തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.

ദീർഘ വീക്ഷണത്തോടെ കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കി ഗ്രാമ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും പ്രയോജനം ലഭിക്കു വിധം റോഡ് പ്രവൃത്തികൾക്ക് രൂപം നൽകേണ്ടതായിരുന്നു. ഇക്കാര്യത്തിൽ വികസന സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സമയോചിത ഇടപെടലോ നിർദ്ദേശമോ ഉണ്ടായിട്ടില്ലെന്നത് വീഴ്ചയാണ്. തുടർ നടപടി സ്വീകരിക്കുമെന്നാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി ലഭ്യമാക്കിയത്.

## 3-6 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- അപാകതകൾ

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ / വീഴ്ചകൾ സംഭവിച്ചതായി കാണുന്നു.

1.സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്റ്റ് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് സമിതിയുടെ ചുമതലയാണ് . ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. ഫണ്ട് ലഭ്യത ഉറപ്പാക്കാതെ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നു.

ജലനിധി പ്രൊജക്ടുമായി ബന്ധപ്പെട്ട പ്രവൃത്തികൾ കാരണം കീറിമുറിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് 2017-18 വർഷത്തിൽ ജലനിധി ഫണ്ട് വകയിരുത്തി 38 റോഡ് പ്രവൃത്തികൾ (അടങ്കൽ-10280000) ഏറ്റെടുത്തുവെങ്കിലും ജലനിധി ഫണ്ട് ലഭ്യമാകാത്തതിനാൽ ഒരു വർക്കിന് പോലും ഫൈനൽ ബില്ല് നൽകാൻ സാധിച്ചിട്ടില്ല. റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും ഇപ്രകാരം 1,48,03,757 രൂപയുടെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്തുവെങ്കിലും ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം 91,63,524 രൂപ മാത്രമേ ചെലവഴിക്കാനായുള്ളൂ. ഫണ്ടിന്റെ ലഭ്യത ഉറപ്പ് വരുത്താതെയാണ് റോഡ് പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് ഇത് വ്യക്തമാക്കുന്നു.

3. റോഡ് നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ അധിക ചെലവ് വരുന്നു. സ്പിൽഓവർ പ്രവൃത്തികൾ വർദ്ധിക്കുന്നു.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയ 9 റോഡ്/ റീടാറിംഗ് പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടില്ല. സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

4. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യതയില്ല.

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മിക്ക പ്രവൃത്തികളും കരാറുകാർ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. എല്ലാ ടെണ്ടർ പ്രവൃത്തികളിലും രണ്ടാൾ വീതമാണ് പങ്കെടുത്തിട്ടുള്ളത്. ഒരു പ്രവൃത്തിയിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റൊരുകരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികം രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ട് ടെണ്ടർ സമർപ്പിക്കുന്നത്. അല്ലെങ്കിൽ ഒരു ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും അടുത്തത് .001% അല്ലെങ്കിൽ .01% കുറവും രേഖപ്പെടുത്തിയിരിക്കും. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ധാരണയുണ്ടാക്കി ഒത്തുകളിക്കുന്നതായി മേൽ പറഞ്ഞവയിൽ നിന്നും വ്യക്തമാണ്. മത്സര സ്വഭാവമില്ലാത്ത ഇത്തരം ടെണ്ടർ നടപടി മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാകുന്നു. ഇങ്ങനെയുള്ള അനാരോഗ്യകരമായ പ്രവണത ഒഴിവാക്കി മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

5. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിൽ കിലോമീറ്റർ / ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

6. വ്യാപകമായി റോഡ് കോൺക്രീറ്റിഗ് പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

ഐ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം റോഡ് പുനരുദ്ധാരണ പ്രവൃത്തിയിൽ മെറ്റലിംഗും ടാറിംഗുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മെറ്റലിംഗും ടാറിംഗും പ്രായോഗികമല്ലാത്ത റോഡുകളിലാണ് കോൺക്രീറ്റിഗ് ആവശ്യമായി വരുന്നത്. ഇക്കാര്യം പരിഗണിക്കാതെ വ്യാപകമായി കോൺക്രീറ്റിഗ് പ്രവൃത്തികൾ

ഏറ്റെടുക്കുന്നത് മൂലം രണ്ട് കിലോമീറ്ററോളം നീളമുള്ള പഞ്ചായത്ത് റോഡുകളിൽ ഏതാനും മീറ്ററുകൾ മാത്രമേ ഓരോ വർഷവും പുനരുദ്ധരിക്കാൻ കഴിയുന്നുള്ളൂ . മാത്രമല്ല പദ്ധതിപ്പണം അധികം ചെലവഴിക്കേണ്ടതായും വരുന്നു. ഇത് ശരിയായ പ്രവണതയല്ല. വ്യാപകമായി റോഡ് കോൺക്രീറ്റിഗ് ചെയ്യുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

7. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

8. പ്രവൃത്തി നടക്കുന്ന സ്ഥലത്ത് ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കുന്നില്ല.

നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് പ്രവൃത്തിയുടെ പേര്, വർഷം, പ്രവൃത്തി നടത്തുന്ന കരാറുകാരന്റെ പേരും ഫോൺ നമ്പറും, എഞ്ചിനീയറുടെ പേരും ഫോൺ നമ്പറും, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. എന്നാൽ ഈ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല.

മേൽ അപാകതകൾ സമയോചിതമായി പരിഹരിക്കാൻ വികസന സ്റ്റാന്റിംഗ് കമ്മറ്റി യഥാസമയം നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഗുണമേൻമ, സുതാര്യത, കൃത്യത എന്നിവ ഉറപ്പ് വരുത്തുന്നതിന് പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടങ്ങളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി യാതൊരു ഇടപെടലും നടത്തുന്നില്ല എന്ന് വ്യക്തമാണ്. മേലിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം നിരീക്ഷിച്ച് സമയോചിത മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## 3-7 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ- പൂർത്തീകരണ വിവരം ലഭ്യമല്ല.

ഊരകം ഗ്രാമ പഞ്ചായത്ത് പരിധിയിൽ വരുന്ന വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് പ്രൊജക്ട് നമ്പർ- 192/ 18 പ്രകാരം 13,31,375 രൂപ താഴെ കൊടുത്തിട്ടുള്ള വിധം പിൻവലിച്ച് വൈദ്യുതി ബോർഡ് ഊരകം സെക്ഷൻ അസി.എഞ്ചിനീയറുടെപേരിലുള്ള 67297924265 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

| ബിൽ നമ്പർ/ തിയതി | തുക |
|---|---|
| 28/ 14-2-2018 | 421800 |
| 29/14-2-2018 | 432940 |
| 31/ 16-3-2018 | 276609 |
| 32/ 16-3-2018 | 200026 |

ആകെ- 13,31,375

എന്നാൽ വൈദ്യുതി ബോർഡിൽ നിന്നും സ്ട്രീറ്റ് മെയിൻ സ്ഥാപിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രം വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-8 മൃഗസംരക്ഷണമേഖലയിലെ പ്രധാന നിർദ്ദേശം നടപ്പിലാക്കിയില്ല

മൃഗസംരക്ഷണ ക്ഷീര വികസനമേഖലയിൽ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ മേഖലയിൽ കർഷകർ നേരിടുന്ന പ്രധാന പ്രശ്നമായി കണ്ടെത്തിയ പരിപാലന ചെലവും സ്ഥല ലഭ്യത കുറവും പരിഹരിക്കാനുള്ള നിർദ്ദേശം വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഗൗരവമായിയെടുത്തിയിട്ടില്ല. ഇതിനായി നിലവിൽ മേഖലയിലുള്ള കർഷകരെ സഹായിക്കാനും അവരെ പിടിച്ച് നിർത്താനുമായി ഒരു പാൽ സൊസൈറ്റി രൂപീകരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

പശുവളർത്തൽ, കറവപ്പശുക്കൾക്ക് കാലിത്തീറ്റ, കോഴിഗ്രാമം തുടങ്ങിയ നിർദ്ദേശങ്ങൾ അംഗീകരിച്ച്

നടപ്പിലാക്കാനായെങ്കിലും നിലവിൽ മേഖല നേരിടുന്ന പ്രധാന പ്രശ്നമായി അവശേഷിക്കുന്നത് കർഷകരിൽ നിന്നും പാൽ നേരിട്ട് ശേഖരിക്കാനും സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കാനും സഹായകരമാകുന്ന തരത്തിൽ പ്രവർത്തിക്കുന്ന കർഷകരുടെ തന്നെ സഹകരണ സംഘത്തിന്റെ രൂപീകരണമാണ്. നിലവിൽ ഗ്രാമപഞ്ചായത്തിൽ മൃഗാശുപത്രിക്ക് കീഴിൽ ഉപകേന്ദ്രങ്ങളൊന്നും പ്രവർത്തിക്കുന്നില്ലെങ്കിലും അത്തരം നിർദ്ദേശങ്ങളൊന്നും ഉൾപ്പെട്ട് കാണുന്നില്ല. ആയതിനാൽ മേഖലയിൽ ഗ്രാമീണ മേഖലയുടെ വികസനത്തിനും സ്ത്രീ ശാക്തീകരണത്തിനും അത്യാവശ്യമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് വിലയിരുത്തുന്ന മേഖലയുമായി ബന്ധപ്പെട്ടുള്ള മുഴുവൻ നിർദ്ദേശങ്ങളും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഭരണ സമിതിയും ഗൗരവമായിയെടുത്ത് പ്രായോഗിക പ്രവർത്തനങ്ങൾ തുടർവർഷപദ്ധതികളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-9 അഗതി രഹിത കേരളം പദ്ധതി തയ്യാറാക്കി അംഗീകരിക്കാനായില്ല

നിരാലംബരും നിരാശ്രയരുമായ അഗതികളെ സംരക്ഷിക്കാൻ നിലവിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ തുടർന്നും സേവനത്തിനു അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി ഒരു ഏകീകൃത പദ്ധതിയെന്ന നിലയിൽ അഗതി രഹിത കേരളം പദ്ധതി ആരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് സ.ഉ (എം എസ്) നം 252/2017/തസ്വഭവ തീയതി 12.12.2017 പ്രകാരം പുറപ്പെടുവിച്ചതാണ്.

ആശ്രയ പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടുത്താത്തവരും അർഹതയുള്ളവരുമായവരെ കണ്ടെത്താൻ ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും പ്രത്യേകം ബാധകമായതും കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ വിശദാംശം മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നുണ്ട്. ആകെ അടങ്കൽ തുകയുടെ 10% ജില്ലാ പഞ്ചായത്ത് 15% ബ്ലോക്ക് പഞ്ചായത്ത് ക്രമത്തിൽ സമാഹരിക്കാനും 35% ഗ്രാമ പഞ്ചായത്തും 40% ചാലഞ്ച് ഫണ്ടും വകയിരുത്തിയാണ് അഗതി രഹിത കേരളം പദ്ധതി രൂപീകരിക്കാൻ നിർദ്ദേശമുള്ളത്. തദ്ദേശ സ്വയംഭരണസ്ഥാപനം അംഗീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടിക അടിസ്ഥാനമാക്കി സി ഡി എസ് അഗതി രഹിത കേരളം പദ്ധതി ഓൺലൈനായി തയ്യാറാക്കി തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കാനുമാണ് നിർദ്ദേശം.

ഗ്രാമപഞ്ചായത്തിൽ 2016-19 കാലയളവിൽ നടപ്പിലാക്കാനായി അംഗീകാരം ലഭിച്ച 9 പേർ ഗുണഭോക്താക്കളായുള്ള ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ തുടർസേവനത്തിൽ ആനുകൂല്യം വിതരണം തുടരുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആശ്രയ പദ്ധതി വിലയിരുത്തൽ സമിതിയുടെ 02.05.2017 ലെ യോഗത്തിൽ 25 ഗുണഭോക്തളെ ഉൾപ്പെടുത്തി 49.24 ലക്ഷം രൂപ വകയിരുത്തി ആശ്രയ രണ്ടാം ഘട്ട പദ്ധതി തയ്യാറാക്കാനും ഭരണ സമിതി അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കാനും തീരുമാനിക്കുന്നുണ്ട്. അതെസമയം ഒന്നാം ഘട്ട പദ്ധതി അവസാനിക്കുകയും എന്നാൽ രണ്ടാം ഘട്ട പദ്ധതിക്ക് അംഗീകാരമില്ലാതെയുമാണ് 2017-18 വാർഷിക പദ്ധതിയിൽ താഴെ കാണിച്ച പ്രോജക്റ്റുകൾ ഉൾപ്പെടുത്തിയത്.

1.115/18: ആശ്രയ പദ്ധതി, അടങ്കൽ 1213400 രൂപ, നിർവ്വഹണം :വി ഇ ഒ

2.122/18: ആശ്രയ പുനരധിവാസ പദ്ധതി 476600 രൂപ, നിർവ്വഹണം :അസി സെക്രട്ടറി

അംഗീകരിച്ച പദ്ധതിയോ ഗുണഭോക്താക്കളോയില്ലാതെയാണ് വാർഷിക പദ്ധതിൽ പ്രോജക്റ്റുകൾ എന്നതിനാൽ അതെ കാരണത്താൽ തന്നെ നടപ്പിലാക്കിയിട്ടില്ല.

എന്നാൽ അഗതി രഹിത കേരളം പദ്ധതി രൂപീകരിക്കാനുള്ള സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നതിൽ ഫലപ്രദമായ നടപടിയുണ്ടായിട്ടില്ല. സി ഡി എസിന്റെ 15.03.2018 ലെ യോഗത്തിൽ സി ഡി എസ് സർവ്വെ നടത്തി കണ്ടെത്തിയ നിലവിലെ ആശ്രയ പദ്ധതി ഗുണഭോക്താക്കൾ 9 പേരും പുതിയ അപേക്ഷകളിൻമേൽ കണ്ടെത്തിയ 26 പേരും അപ്പീൽ വെരിഫിക്കേഷനിലൂടെയുള്ള 2 പേരും ഉൾപ്പെടെ 37 ഗുണഭോക്താക്കളുടെ ലിസ്റ്റ് പദ്ധതി തയ്യാറാക്കുന്നതിലേക്കായി അംഗീകാരിച്ചിട്ടുണ്ട്. ലിസ്റ്റ് അംഗീകരിച്ച് ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കാനായിട്ടില്ല. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക്

ദാരിദ്ര്യനിർമ്മാർജ്ജന മേഖലയിലെ പദ്ധതി രൂപീകരണത്തിൽ ഇടപെടാനും കൃത്യമായ നിർദ്ദേശം നൽകാനുമായിട്ടില്ല.

## 3-10 വി.ഇ.ഒ പദ്ധതി അപാകതകൾ

പ്രൊജക്ട് :

1. വീട് റിപ്പയർ-ജനറൽ(നം.: S018 / 2018)

അടങ്കൽ : 10 ലക്ഷം (തനത് ഫണ്ട്)

2. വീട് റിപ്പയർ-എസ്.സി.പി.(SO103/2018)

അടങ്കൽ :6 ലക്ഷം ( പ്ലാൻ ഫണ്ട്)

നിർവ്വഹണം : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ മേൽ പ്രകാരമുള്ള 2 പദ്ധതികളിൽ തകരാറിലായ ഓടിട്ട വീടുകൾ റിപ്പയർ ചെയ്ത് മേൽക്കൂര മാറ്റിസ്ഥാപിക്കുയാണ് ചെയ്തിട്ടുള്ളത്. ആയതിനു ജനറൽ വിഭാഗത്തിനു 9,60,000 രൂപയും (48 പേർക്ക് 20,000 വീതം) എസ്.സി. വിഭാഗത്തിനു 5,00,000 രൂപയും (10 പേർക്ക് 50,000 വീതം)ആണ് ചെലവു വന്നിട്ടുള്ളത്.പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ജി.ഒ.(എം.എസ്)നമ്പർ 80/2017തസ്വഭവ തിയതി 3.4.2017 പ്രകാരമുള്ള താഴെ കാണുന്ന നിർദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

1. എൽ.എസ്.ജി.ഡി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ് ഒരു ഗുണഭോക്താവും ഹാജറാക്കിയിട്ടില്ല.

2. ഭാര്യയുടെയും ഭർത്താവിന്റെയും പേരിൽ ഉള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നല്കേണ്ടത് എന്ന നിർദേശം പാലിച്ചിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിനം.(11/16.7.2017)ക്ക് നല്കിയ മറുപടിയിൽ ക്രമ നം.1 നു പഞ്ചായത്തിലെ നിരവധി പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്ന എ.ഇ.ക്ക് എസ്റ്റിമേറ്റ് സാക്ഷ്യപ്പെടുത്തുന്നത് പ്രായോഗിക ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതാണെന്ന് അറിയിച്ചു. ക്രമ നം. 2 -നു നല്കിയ മറുപടിയിൽ ഭർത്താവു/ഭാര്യ ജീവിച്ചിരിപ്പില്ലാത്ത സംഗതികളിൽ സംയുക്ത അക്കൗണ്ടിലേക്ക് പണം കൈ മാറാൻ പരിമിതികൾ ഉള്ളതായും അറിയിച്ചു.സർക്കാർ നിർദേശങ്ങൾ പാലിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-11 ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ

പ്രോജക്ട് നമ്പർ : 58/18

ബിൽ നമ്പർ : 01/17-18/05.08.2017

തുക : 600000/-

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ(ആയുർവേദം)

മേൽ ബിൽ പ്രകാരം തുക ഔഷധിക്ക് മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും മരുന്നു മുഴുവനായി ലഭ്യമായിട്ടില്ല. താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം 515165/- രൂപയുടെ മരുന്നുകളാണ് ലഭ്യമായത് .

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|

| | | |
|---|---|---|
| 1 | 90038088 dtd 27.10.17 | 140225 |
| 2 | 90047351 dtd 31.12.17 | 35198 |
| 3 | 90051710 dtd 31.01.18 | 182083 |
| 4 | 90059025 dtd 20.03.18 | 127654 |
| 5 | 90064572 dtd 25.05.18 | 30605 |
| | | 515765 |

ആയതിൽ 20.03.2018 ലെ ഇൻവോയ്സ് നമ്പർ 90059025 പ്രകാരം ലഭ്യമാക്കിയതായി കാണിച്ച ധന്വന്തരം തൈലത്തി(450 ml) ന്റെ 162 bottle (29646/- രൂപ) ലഭ്യമായിട്ടുമില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 04.07.2018 ന് 78439/-രൂപയുടെ മരുന്നുകൾ കൂടി ലഭ്യമായതായി അറിയിച്ചിട്ടുണ്ട്. ടി മരുന്നുകൾ സ്റ്റോക്കിലെടുക്കേണ്ടതും ലഭ്യമാക്കാനവശേഷിക്കുന്ന 35442/- രൂപയുടെ മരുന്നുകൾ (ധന്വന്തരം തൈലം ഉൾപ്പടെ) കൂടി ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ വിഷയത്തിൽ ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 പരിരക്ഷ പാലിയേറ്റീവ് പദ്ധതി നടത്തിപ്പിൽ അപാകത

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ(പി എച്ച് സി)

പ്രോജക്ട് :79/2017 പരിരക്ഷ പാലിയേറ്റീവ് കെയർ

2017-18 വർഷത്തിൽ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പരിരക്ഷ പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(i) 2017-18 വർഷത്തിൽ അലോപ്പതി ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെ കീഴിൽ പരിരക്ഷ പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ( 92/2018 ആയുർ സ്പർശം,79/2017 പരിരക്ഷ പാലിയേറ്റീവ് കെയർ) അലോപ്പതി വിഭാഗത്തിനു കീഴിൽ 16 ഹോംകെയറുകളും ,ആയുർവേദ വിഭാഗത്തിൽ 2 ഹോംകെയറുകളുമാണ് നടത്തി വന്നത്. എന്നാൽ ഒരേ ദിവസം തന്നെ വെഹിക്കിൾ ചാർജ്ജ് ഇനത്തിലും റിഫ്രഷ്മെന്റ് ഇനത്തിലും രണ്ടു വിഭാഗവും ബിൽ എഴുതി തുക മാറിയതായി കാണുന്നു . വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തിയ്യതി | ആലോപ്പതി വിഭാഗത്തിൽ മാറിയ തുക | | | ആയുർവേദ വിഭാഗത്തിൽ മാറിയ തുക | | |
|---|---|---|---|---|---|---|---|
| | | വാഹന വാടക | റിഫ്രഷ്മെന്റ് | ബിൽ നമ്പർ/ തിയ്യതി | വാഹന വാടക | റിഫ്രഷ്മെന്റ് | ബിൽ നമ്പർ/ തിയ്യതി |
| 1 | 26.10.17 | 900 | 250 | 03/17-18 /20.12.2017 | 900 | 240 | 04/17-18 /20.02.2018 |
| 2 | 14.12.17 | 900 | 250 | 06/17-18 /16.02.2018 | 900 | 240 | 04/17-18 /20.02.2018 |
| 3 | 24.10.17 അവലോകനയോഗം | - | 500 | 03/17-18 /20.12.2017 | - | 560 | 04/17-18 /20.02.2018 |

മേൽ അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3,4/10.07.2018) ബന്ധപ്പെട്ട മെഡിക്കൽ

ഓഫീസർമാർ നൽകിയ മറുപടികൾ പൊരുത്തപ്പെടുന്നില്ല. പ്രോജക്ട് നിർവ്വഹണത്തിൽ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരുടെ മേൽനോട്ടക്കുറവുമൂലമാണ് മേൽ അപാകത സംഭവിക്കാൻ ഇടയായത്. അപാകത പരിഹരിക്കേണ്ടതും ഭാവിയിൽ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(ii) പരിരക്ഷ രോഗികൾക്ക് മരുന്നുകൾ വാങ്ങുന്നതിനായി 400000/- (Bill no.05/17-18/12.03.2018(panchayat share)+ STSB cheque no.SB/XY No. 2255580/22.03.2018(Block share)രൂപ KMSCL ന്റെ 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

മരുന്നുകൾ ലഭ്യമായ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/തിയ്യതി | തുക |
|---|---|---|
| 1 | 247 dtd 11.05.2018 | 8483 |
| 2 | 1374 dtd 08.05.2018 | 63487 |
| 3 | 1465 dtd 11.05.2018 | 35812 |
| | ആകെ | 107782 |

292218/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാവാനുണ്ട്. ആയത് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(iii)29.10.2015 ലെ സ.ഉ(സാ.ധാ)നം. 3217/2015/തസ്വഭവ 2.3 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി 14 അംഗ കമ്മറ്റി (PMC) രൂപീകരിക്കുന്നതിനും പ്രസ്തുത കമ്മറ്റി രണ്ടു മാസത്തിലൊരിക്കൽ യോഗം കൂടി പാലീയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. ടി കമ്മറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ കമ്മറ്റി സമയപരിധി പാലിച്ചതായി കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| മീറ്റിംഗ് തിയ്യതി | പങ്കെടുത്തവരുടെ അംഗങ്ങൾ |
|---|---|
| 16.02.2015 | 7 |
| 22.09.2016 | 9 |
| 30.03.2017 | 9 |
| 02.08.2017 | 8 |
| 21.12.2017 | 10 |
| 04.04.2018 | 8 |
| 13.06.2018 | 14 |

മീറ്റിംഗ് മിനുട്സുകൾ ഒന്നും തന്നെ ക്ലോസ് ചെയ്തിട്ടില്ല. 13.06.2018 ലെ മീറ്റിംഗ് മിനുട്സ് എഴുതിയിട്ടുമില്ല. മേൽ അപാകത പരിഹരിക്കേണ്ടതും PMC യുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതുമാണ്.

(iv) പാലിയേറ്റീവ് അവലോകന യോഗങ്ങളുടെ മിനുട്സ് പരിശോധിച്ചതിൽ മീറ്റിംഗ് മിനുട്സുകളൊന്നും തന്നെ ക്ലോസ് ചെയ്തതായി കാണുന്നില്ല. അവലോകന യോഗം നടക്കുന്ന അതേ ദിവസം തന്നെ ഹോം കെയർ നടത്തിയതായും രണ്ടിലും പാലിയേറ്റീവ് കെയർ നേഴ്സ് പങ്കെടുത്തതായും കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| മീറ്റിംഗ് തിയ്യതി | അന്നേ ദിവസം വിസിറ്റ് ചെയ്ത രോഗികളുടെ | മാസത്തിലെ ഹോം കെയറുകളുടെ |
|---|---|---|

| | എണ്ണം | എണ്ണം |
|---|---|---|
| 20.04.2017 | 6 | 15 |
| 11.07.2017 | 6 | 17 |
| 23.08.2017 | 9 | 16 |
| 27.09.2017 | 7 | 15 |
| 27.12.2017 | 8 | 13 |
| 29.01.2018 | 8 | 15 |

പാലിയേറ്റീവ് മാർഗ്ഗരേഖ പ്രകാരം രാവിലെ 9.30 ന് ആരംഭിച്ച് 4.30 വരെ കൂടുതൽ പരിചരണം ആവശ്യമുള്ള 8 രോഗികളെയെങ്കിലും സന്ദർശിക്കാൻ കഴിയുന്ന തരത്തിലാണ് ഹോംകെയർ നടത്താൻ നിർദ്ദേശിച്ചിരിക്കുന്നത്.മേൽ അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഒരു മാസത്തിൽ 16 ഹോംകെയറാണ് ആസൂത്രണം ചെയ്തതെന്നും ആയതിനു വേണ്ടി അവലോകനയോഗം നടക്കുന്ന ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 3 മണി വരെ ഹോം കെയർ നടത്തിയതിനു ശേഷമാണ് യോഗം നടത്തുന്നതെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. അവലോകനയോഗങ്ങളുടെ മിനുട്സുകൾ പരിശോധിച്ചതിൽ ആയത് എപ്പോളാണ് ആരംഭിക്കുന്നതെന്നോ അവസാനിക്കുന്നതെന്നോ വ്യക്തമാക്കിയിട്ടില്ല.

ആരോഗ്യമേഖലയിലെ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കാതലായ നിർദ്ദേശങ്ങളൊന്നും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിന്നും ഉണ്ടായിട്ടില്ല.അപാകതകൾ പരിഹരിച്ച് പരിരക്ഷ പ്രോജക്റ്റുകൾ ശരിയായ രീതിയിൽ മുന്നോട്ടു പോവുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 170000 | 04-നെൽകൃഷി വികസനം-കൂലിച്ചെലവ് | 170000 | 0 |
| | 300000 | 79 പരിരക്ഷ പാലിയേറ്റീവ് കെയർ | 300000 | 0 |
| | 400000 | 115 ആശ്രയ ജനറൽ | 0 | 400000 |

| | | | | |
|---|---|---|---|---|
| | 100000 | 89 അംഗൻവാടി പോഷകാഹാര പരിപാടി | 100000 | 0 |
| | 134374 | 56 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെൻ്റർ | 0 | 134374 |
| | 100000 | 87 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | 200000 | 175 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ- പട്ടികജാതി | 0 | 200000 |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 100000 | 87 ഭിന്നശേഷിക്കാർക്ക് സ്കോൾഷിപ്പ് | 100000 | 0 |
| | 500000 | 224 കോട്ടമല കിളിയിൽ അംഗൻവാടിക്ക് കെട്ടിട നിർമ്മാണം | 0 | 500000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | 118 ജി എം എൽ പി സ്കൂളിന് വൈദ്യുത കണക്ഷൻ | വൗച്ചർ നം. 21700761/21.07.2017 21700762/21.07.2017 | 46123 12707 58830 | 58830 | കണക്ഷൻ നൽകി | ഇല്ല |
| | 185 പഞ്ചായത്തു റോഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | വൗച്ചർ നം. 21700782/25.09.2017 ബിൽ നമ്പർ 706553/21.11.2017 ബിൽ നമ്പർ 706553/21.11.2017 | 50992 30435 41185 | 122612 | പോസ്റ്റുകൾ മാറ്റി സ്ഥാപിച്ച | ഇല്ല |
| | 192 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | ബിൽ നമ്പർ 948497/29.01.2018 ബിൽ നമ്പർ 948499/29.01.2018 ബിൽ നമ്പർ 1132627/08.03.2018 ബിൽ നമ്പർ 1132628/08.03.2018 | 421800 432940 276609 200026 | 1331375 | പ്രവർത്തി പുരോഗമിക്കുന്നു | |

| | | | | | | |
|---|---|---|---|---|---|---|
| | | | 1331375 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 20417 രൂപ ഈടാക്കിയിട്ടുണ്ട് വിശദവിവരം ചുവടെ

| ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | അടവ് വിവരം |
|---|---|---|---|
| 2014-15 | 2-6 | 599 | രശീതിനം -117010102527<br>തീ-20.09.2017 |
| 2011-12 | 3-27 | 7500 | രശീതിനം -117010107424<br>തീ-14.02.2018 |
| 2016-17 | 3-10 | 12318 | രശീതിനം -117010104527<br>തീ-21.12.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3.27 | 2011-12 | 3.27 | റോഡ് അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം | സ്ഥാപനം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | സർചാർജ്ജ്/ചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | ഊരകം ഗ്രാ.പ | 1996-97 | | ശ്രീമതി.ഇ പി വിശാലാക്ഷി | LF 8682/ sp.cell/SC-3/2000 /26.03.2002 | 300 (ചാർജ്ജ്) | | 300 | തുക അടവാക്കിയിട്ടില്ല. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | | 1996-97 | 39,46,60 | ശ്രീമതി.ഇ പി വിശാലാക്ഷി | LF 8682/ sp.cell/SC-3 /2000/26.03. 2002 | 3419 | | 3419 | തുക അടവാക്കിയിട്ടില്ല. |
| 3 | | 2000-01 | 3-19,3-21 | ശ്രീമതി. സത്യവതി | LF 690/ sp.cell/SC-5/ 2008/07.03.2009 | 28747 | 28747 | | 11301400011 dtd 20.03.2014 . op 123/13 allowed 14.02.2017 |
| 4 | | 2000-01 | 3-27 | ശ്രീ ഹരിരാജൻ കെ | LF 690/sp.cell /SC-5/ 2008/07.03. 2009 | 10000 | | 10000 | തുക അടവാക്കിയിട്ടില്ല. |
| 5 | | 2005-06 | 3-20 | ശ്രീമതി.എം കെ ജമീല, ഐ സി ഡി എസ് സൂപ്പർ വൈസർ | LF 22010/ sp.cell/SCD1/ 2011/17.11.2012 | 11000 | | 11000 | തുക അടവാക്കിയിട്ടില്ല. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82794381.42 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72608013 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ബാധകമല്ല | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ്വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1985-86 | എൽ എഫ് എം10/1636/94 തീ 21.10.98 | 4 |
| 1986-87 | എൽ എഫ് എം10/1037/94 തീ 21.10.98 | 4 |
| 1987-88<br>1989-90 | എൽ എഫ് എം10/460/95 തീ 21.10.98 | 8 |
| 1990-91 | എൽ എഫ് എം10/287/95 തീ 04.02.95 | 14 |
| 1991-92 | എൽ എഫ് എം10/1630/94 തീ 21.10.98 | 5 |
| 1992-93<br>93-94 | എൽ എഫ് എം10/1978/95 തീ 07.03.1996 | 6 |
| 1994-95<br>95-96 | എൽ എഫ് എം14/1841/99 തീ25.09.1999/18.01.2002 | 16 |
| 1996-97 | എൽ എഫ് എം10/492/98 തീ 06.11.1998 | 13 |
| 1997-98 | എൽ എഫ് എം10/1011/01 തീ 19.04.2004/10.12.2004 | 31 |

| | | |
|---|---|---|
| 1998-99 | എൽ എഫ് എം10/93/02 തീ 16.11.2002 | 16 |
| 1999-00 | എൽ എഫ് എം10/867/03 തീ05.06.2004 | 31 |
| 2000-01 | എൽ എഫ് എം17/233/05 തീ 07.02.2005 | 7 |
| 2001-02 | എൽ എഫ് എം17/1404/05 തീ 04.04.2006 | 14 |
| 2002-03 | എൽ എഫ് എം8/142/08 തീ 22.04.2008/23.10.2008 | 13 |
| 2003-04 | എൽ എഫ് എം8/143/08 തീ 22.04.2008/23.10.2008 | 14 |
| 2004-05 | എൽ എഫ് എം10/1329/08 തീ 30.12.2008/26.03.2009 | 12 |
| 2005-06 | എൽ എഫ് എം10/534/2010 തീ 06.10.2010/24.04.2011 | 8 |
| 2006-07 | എൽ എഫ് എം11/1229/14 തീ 08.07.2014 | 23 |
| 2007-08 | എൽ എഫ് എം11/2133/12 തീ 27.10.2012 | 20 |
| 2008-09 | എൽ എഫ് എം11/66/12 തീ 27.10.2012 | 34 |
| 2009-10<br>2010-11 | കെ എസ് എ എം പി എം27/1618/17തീ 04.01.2018 | 13 |
| 2011-12<br>2012-13 | കെ എസ് എ എം പി എം11/435/15 തീ 23.09.2015 | 21 |
| 2013-14<br>2014-15 | കെഎസ്എഎം പി എം27/1870 /16തീ09.01.2018 | 14 |
| 2015-16 | കെ എസ് എ എം പി എം27/3396/16 തീ 26.03.2018 | 05 |
| 2016-17 | കെ എസ് എ എം പി എം27/1969/17തീ 03.10.2017 | 21 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.27/1305/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 03-07-2018

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത്

നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഊരകം ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

## AUDIT CERTIFICATE

No.KSA/MPM27/1305/2018

Kerala State Audit Department
District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 03-07-2018

Certified that I have audited the Annual Financial Statement of Oorakam Grama panchayath in Malappuram District of the year ended on 31.3.2018 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of

Panchayath Raj Institutions.

In my opinion, the Financial Statements of Oorakam Grama panchayath for the year 2017-18 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram